# കത്തീഡ്രൽ വോയ്സ്

തൃശ്ശൂർ ലൂർദ്ദ് മെട്രോപ്പോളിറ്റൻ കത്തീഡ്രലിന്റെ മുഖപത്രം

ജൂലൈ 2025




എന്റെ കർത്താവേ, എന്റെ ദൈവമേ




# Pride Of Fashion

Shankarayyar Junction (Jayalakshmi Silks Road)
Poothole, Thrissur
Phn: 0487 2386500, 8136971500

South Bazar (Near Puthenpalli)
High Road, Thrissur
Phn: 0487 2424200, 8304021500

PRIDE
OF FASHION
Always in style



Poothole Branch (Car Parking Available)



High-road Branch

Scan this QR code to connect with us.

BRIDAL ORNAMENTS - BRANDED COSMETICS - FANCY ACCESSORIES - DANCE ORNAMENTS

THE EDITORIAL BOARD

ചീഫ് എഡിറ്റർ:
വെ. റവ. ഫാ. ജോസ് വല്ലൂരാൻ
97 44 73 31 22
മാനേജിങ്ങ് എഡിറ്റേഴ്സ്:
റവ. ഫാ. പ്രിജോവ് വടക്കേത്തല
98 95 64 7709 082
റവ. ഫാ. ജീസ്മോൻ ചെമ്മണ്ണൂർ
96 33 82 97 62
എക്സിക്യൂട്ടീവ് എഡിറ്റർ:
പ്രൊഫ. ഡോ. കെ. എം. ഫ്രാൻസിസ്
98 46 33 05 95
അസോസിയേറ്റ് എഡിറ്റർ:
ശ്രീ. ജോസ് വാഴപ്പിള്ളി
94 46 76 67 76
സെക്രട്ടറി:
ശ്രീ. സി. ആർ. ആന്റോ
93 87 10 07 28
ട്രഷറർ:
ശ്രീ. സോണി തോമസ് കവലക്കാട്ട്
93 87 10 55 62
അംഗങ്ങൾ:
ഡോ. ജോബി കാക്കശേരി
ഡോ. ഇഗ്നേഷ്യസ് ആന്റണി
ശ്രീ. ജോഷി ചിറമ്മൽ
ശ്രീമതി അൽഫോൺസ സിംസൺ
ശ്രീ. ബോബി ചിറക്കേക്കാരൻ
സി. ദീപ വർഗ്ഗീസ് SKD (80 78 39 90 44)
സർക്കുലേഷൻ മാനേജർ:
ശ്രീ. പി.ജെ. ടോജോ (98 46 66 00 20)
നടത്തുകൈക്കാരൻ:
ശ്രീ. ജോസ് ചിറ്റാട്ടുകര
കൈക്കാരന്മാർ:
ശ്രീ. ജോജു മഞ്ഞില
ശ്രീ. തോമസ് കോനിക്കര
ശ്രീ. ലൂവി കണ്ണാത്ത്

# ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഓർമ്മിക്കാൻ ആചരിക്കാൻ | 3 |
| ഇടയശബ്ദം | 4 |
| യുവജനങ്ങളോട് | 6 |
| കുഞ്ഞുമക്കളോട് | 8 |
| നോട്ടം | 10 |
| വളർച്ച തളർച്ചയായി മാറ്റരുത് ചിന്തിക്കണം. | |
| വിളർച്ചയോടെയാണോ വളരുന്നത്? | 12 |
| ഏറെ വ്യത്യസ്തനായ സ്നേഹിതനും സേവകനും | 15 |
| വി. തോമസും സീറോ മലബാർ സഭയും | 18 |
| പുനഃസമാഗമം | 22 |
| കെ.സി.വൈ.എം വാർത്തകൾ | 23 |
| ആഗസ്റ്റ് – സെപ്തംബർ ചർച്ചാ വിഷയം | 23 |
| പരിശുദ്ധ റോസ മിസ്റ്റിക്ക മാതാവ് | |
| ജൂലൈ 13 | 24 |
| വിശ്വാസപരിശീലനം വാർത്തകൾ | 25 |
| ജൂലൈ 10 | |
| ഏഴു സഹോദരരക്തസാക്ഷികളും | |
| അമ്മ ഫെലിച്ചിത്താസും | 27 |
| നേത്രദാനം മഹാദാനം | 28 |
| കുടുംബ കൂട്ടായ്മ വാർത്തകൾ | 29 |
| ബൈബിൾ ക്വിസ് മത്സരം | 31 |
| അടിക്കുറിപ്പ് മത്സരം | 32 |
| നിറം കൊടുക്കൽ മത്സരം | 33 |
| കുടുംബകൂട്ടായ്മകൾ | 34 |
| വചന വായനകൾ | 40 |


## തിരുക്കർമ്മ സമയം

വി.കുർബ്ബാന : ഞായർ: 6.00 a.m, 7.30 a.m. 10.30 a.m, 5.00 p.m, 7.00 p.m.
മറ്റു ദിവസങ്ങളിൽ: 6.00 a.m, 7.30 a.m, 5.00 p.m.
നിത്യസഹായമാതാവിന്റെ നൊവേന: ശനിയാഴ്ച 6.45 a.m, 8.15 a.m. 5.45 p.m.
ഉണ്ണിമിശിഹാ കപ്പേളയിൽ : വി.കുർബ്ബാന, ലദീഞ്ഞ്, നൊവേന, കുഞ്ഞുങ്ങൾക്കുള്ള ആശീർവ്വാദം
എല്ലാ മാസവും 1 – ാം തിയ്യതി 7.00 p.m.

**Our Lady of Lourdes Metropolitan Cathedral**
Cathedral Road, Thrissur - 680 005 - Ph: 0487 2333995, 8547797595
e-mail: cathedralthrissur@gmail.com, Web: www.lourdescathedralthrissur.com
Printed at : Vivid Offset Printers, behind Latin Church, Thrissur-1.
(For Private Circulation only)




നൂറ്റാണ്ടുകൾക്കു മുൻപേ രചിക്കപ്പെട്ട ഗ്രന്ഥങ്ങൾ അക്കാലത്ത് നിലനിന്നിരുന്ന സാമൂഹിക, രാഷ്ട്രീയ വ്യവസ്ഥിതിയുടെ സ്വഭാവം വെളിപ്പെടുത്തുന്നു. ഉദാഹരണമായി വിശുദ്ധ ഗ്രന്ഥത്തിന്റെ പഴയ നിയമം പരിശോധിക്കുക. പഴയനിയമത്തിന് മൂന്ന് ഭാഗങ്ങളുണ്ട്. നിയമഗ്രന്ഥങ്ങൾ, പ്രവാചക ഗ്രന്ഥങ്ങൾ, രാജാക്കന്മാരുടെ ചരിത്രങ്ങൾ എന്നിവയാണ് അവ. നിയമം നിർമ്മിച്ചിരുന്ന പുരോഹിതന്മാരും, നിയമം വ്യാഖ്യാനിക്കുന്ന പ്രവാചകന്മാരും, നിയമം നടപ്പിലാക്കുന്ന രാജാക്കന്മാരും ചേർന്നതാണ് പഴയനിയമചരിത്രം.

പുരോഹിതവൃത്തി ലേവ്യ ഗോത്രത്തിനും, രാജാവിന്റെ പ്രവൃത്തി യൂദാവംശത്തിനും നൽകി എന്ന് അവർ വിശ്വസിച്ചിരുന്നു. എന്നാൽ പുതിയ നിയമത്തിൽ ഓരോ വ്യക്തിയും പുരോഹിതനും പ്രവാചകനും രാജാവുമാണ്. ഭരണഘടനയിൽ അടിയുറച്ച ഒരു രാഷ്ട്രസംവിധാനമാണ് ഇസ്രായേലിൽ നിലനിന്നിരുന്നത്. പഴയനിയമത്തിലെ രാഷ്ട്രീയ ഘടന വളരെ പ്രകടമാണ്. ആ രാഷ്ട്രീയ ഘടനയാണ് ആധുനിക യൂറോപ്പും അമേരിക്കൻ ഐക്യനാടുകളും പരിവർത്തന വിധേയമാക്കി ഉപയോഗിക്കുന്നത്.

പഴയനിയമത്തിൽ കാണുന്ന രാഷ്ട്രീയ ഘടന പുതിയ നിയമഗ്രന്ഥത്തിൽ കാണാനുണ്ടോ? ലോകത്തിന്റെ രാഷ്ട്രീയ ചരിത്രം അറിയാവുന്നവർക്ക് പുതിയ നിയമത്തിലെ രാഷ്ട്രീയ തത്വചിന്ത മനസ്സിലാകും.

ഉദാഹരണമായി വി. തോമസിന്റെ വിശ്വാസപ്രഖ്യാപനം ഒരു രാഷ്ട്രീയ മുദ്രാവാക്യമാണ്. വി. തോമസ് പറഞ്ഞു "എന്റെ കർത്താവെ, എന്റെ ദൈവമെ". ഒറ്റനോട്ടത്തിൽ ഈ പ്രസ്താവന ആത്മീയമായ ഒരു പ്രസ്താവന മാത്രമാണെന്ന് തോന്നിപ്പിക്കും. അക്കാലത്തെ രാഷ്ട്രീയ വ്യവസ്ഥിതിയുടെ പശ്ചാത്തലത്തിൽ വി. തോമസിന്റെ വിശ്വാസപ്രഖ്യാപനം രാജ്യദ്രോഹപരമാണ്.

അക്കാലത്ത് എല്ലാ രാജ്യങ്ങളിലും രാജാക്കന്മാർ ദൈവമായിരുന്നു. അവർ അന്നദാതാവായിരുന്നു; ഭൂപതിയായിരുന്നു; കൊല്ലിനും കൊലയ്ക്കും അധികാരമുള്ളവരായിരുന്നു. നമ്മുടെ പിതാമഹന്മാർ രാജാവിനെ വിളിച്ചിരുന്നത് "തമ്പുരാനെ" എന്നാണ്. റോമാ സാമ്രാജ്യ

ത്തിൽ ഒരുവൻ സീസറിനെ അഭിസംബോധന ചെയ്യുമ്പോൾ പറയേണ്ട ആദ്യവാചകമാണ് "എന്റെ കർത്താവെ എന്റെ ദൈവമെ" എന്ന പ്രസ്താവന. സീസറിനെ അഭിസംബോധന ചെയ്യേണ്ട വാചകമാണ് ക്രിസ്തുമത അനുയായികൾ വി. തോമസിനെ പിൻതുടർന്ന് യേശുവിനെ അഭിസംബോധന ചെയ്യാൻ ഉപയോഗിക്കുന്നത്. ഇതുതന്നെയാണ് ഭരണാധികാരികൾ ക്രിസ്ത്യാനികളെ വെറുക്കുന്നതിന്റെ അടിസ്ഥാന കാരണവും. ഇന്നും ഭരണാധികാരികൾ ദൈവത്തെപ്പോലെയാണ് ഭരണം നടത്തുന്നത്. ഇത്തരം ഭരണാധികാരികളെ ചൂണ്ടിക്കാണിച്ചു യേശു ശിഷ്യന്മാരോട് പറയുന്നു. വിജാതീയരുടെ ഭരണകർത്താക്കൾ ദൈവത്തെപ്പോലെയാണ്, എന്നാൽ നിങ്ങളുടെ ഇടയിൽ അങ്ങിനെയാകാൻ പാടില്ല. നിങ്ങളിൽ ഭരണാധികാരികളാകുന്നവർ മറ്റുള്ളവരുടെ ദാസനാകണം. അങ്ങിനെ ഭരണാധികാരികളെ "തമ്പുരാനിൽ" (Lord) "ദാസനാക്കി" (minister) മാറ്റുന്ന പുളിമാവാണ് യേശുക്രിസ്തു. ആ യേശുക്രിസ്തുവിനെ നോക്കി വി.തോമസിനെപ്പോലെ നമുക്കും പ്രഖ്യാപിക്കാം "എന്റെ കർത്താവെ, എന്റെ ദൈവമെ".

എഡിറ്റർ

# ഓർമ്മിക്കാൻ ആചരിക്കാൻ

## ജൂലൈ 2025

| | | |
|---|---|---|
| 1 | ചൊവ്വ | ഉണ്ണിമിശിഹ കപ്പേളയിൽ<br>വി.കുർബ്ബാന, ലദീഞ്ഞ് , നൊവേന,<br>കുഞ്ഞുങ്ങൾക്കുള്ള ആശീർവ്വാദം |
| 3 | വ്യാഴം | മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ |
| 4 | വെള്ളി | ആദ്യവെള്ളി |
| 11 | വെള്ളി | നർസിയായിലെ വിശുദ്ധ ബനഡിക്ട് |
| 15 | ചൊവ്വ | വിശുദ്ധ കുര്യാക്കോസ്, വിശുദ്ധ ജൂലിറ്റ |
| 16 | ബുധൻ | കർമ്മലമാതാവ് |
| 22 | ചൊവ്വ | വിശുദ്ധ മഗ്ദലേന മറിയം |
| 25 | വെള്ളി | കർത്താവിന്റെ എഴുപത് ശിഷ്യന്മാർ<br>വിശുദ്ധ യാക്കോബ് ശ്ലീഹ |
| 26 | ശനി | വിശുദ്ധ യോവാക്കിം, വിശുദ്ധ അന്നാ |
| 27 | ഞായർ | പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ (നൂസർദേൽ) |
| 28 | തിങ്കൾ | വിശുദ്ധ അൽഫോൻസ |
| 29 | ചൊവ്വ | വിശുദ്ധ മർത്ത |
| 31 | വ്യാഴം | വിശുദ്ധ ഇഗ്നേഷ്യസ് ലയോള |

**അവൻ തോമസിനോടു പറഞ്ഞു: നിന്റെ വിരൽ ഇവിടെ കൊണ്ടുവരുക;**
**എന്റെ കൈകൾ കാണുക;**
**നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക.**
**അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക.**
**യോഹന്നാൻ 20 : 27**



ഇടയശബ്ദം



# മാർ തോമാശ്ലീഹാ
## പറഞ്ഞത് പ്രാവർത്തികമാക്കിയവൻ

ഭാരത ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ജൂലൈ മാസം യേശുവിന്റെ പ്രിയശിഷ്യനായ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ സ്മരണയുണർത്തുന്ന മാസമാണ്. എഡി 52ൽ കേരളത്തിൽ സുവിശേഷ പ്രഘോഷണത്തിനായി വന്ന തോമാശ്ലീഹ, എഡി 72 ജൂലൈ 3-ാം തീയതി, ഭാരത മണ്ണിൽ തന്നെ രക്തസാക്ഷിത്വം വരിച്ചതിന്റെ ദുക്റാനതിരുനാൾ. യേശുവിന്റെ ശിഷ്യന്മാരിൽ യേശുവിനു വേണ്ടി മരിക്കാനുള്ള സന്നദ്ധത ആദ്യമായി പരസ്യമായി പ്രഖ്യാപിച്ച തോമാശ്ലീഹാ (യോഹ. 11:16), താൻ പറഞ്ഞ കാര്യം അക്ഷരാർത്ഥത്തിൽ പ്രാവർത്തികമാക്കിയതിന്റെ പുണ്യസ്മരണയാണ് ദുക്റാനതിരുനാളിന് നാം പുതുക്കുക.

തോമാശ്ലീഹായെക്കുറിച്ച് യോഹന്നാൻ സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ ധ്യാനവിഷയമാക്കുമ്പോൾ, തോമാശ്ലീഹായുടെ സ്വഭാവത്തിലെ ചില സവിശേഷതകൾ നമ്മുടെ മുമ്പിൽ തെളിഞ്ഞുവരും. മറ്റുള്ള ശിഷ്യന്മാരിൽനിന്നും വിഭിന്നമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു സ്വഭാവപ്രകൃതിക്കാരനായിരുന്നു തോമാശ്ലീഹാ. യൂദയായിലേക്ക് പോകാൻ യേശു ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ “ഗുരോ യഹൂദർ ഇപ്പോൾ തന്നെ നിന്നെ കല്ലെറിയാൻ അന്വേഷിക്കുകയായിരുന്നല്ലോ. എന്നിട്ടും അങ്ങോട്ടുപോവുകയാണോ” (യോഹ 11:8) എന്ന് പറഞ്ഞുകൊണ്ട് മറ്റു ശിഷ്യന്മാർ തടയാൻ ശ്രമിച്ചപ്പോൾ, “അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം” (യോഹ 11:16) എന്നുപറഞ്ഞുകൊണ്ട് മറ്റുശിഷ്യരെ മാറി ചിന്തിക്കുവാൻ പ്രേരിപ്പിച്ചത് തോമാശ്ലീഹായായിരുന്നു.

യേശുവിന്റെ കുരിശുമരണത്തിനുശേഷം ശിഷ്യന്മാർ എല്ലാവരും യഹൂദരെ ഭയന്ന് മുറിയിൽ കതകടച്ചിരിക്കെ (യോഹ. 20:19) തോ

മാശ്ലീഹാ മാത്രം ഭയലേശമെന്യേ പുറത്തുപോയിരിക്കുകയായിരുന്നു. തിരിച്ചുവന്നപ്പോഴാണ് ഉത്ഥിതനായ യേശു തങ്ങൾക്ക് പ്രത്യക്ഷനായ കാര്യം മറ്റുശിഷ്യന്മാർ തോമാശ്ലീഹായോടു പറയുക. ഉടനെവന്നു തോമാശ്ലീഹായുടെ മറുപടി "അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈവെയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല. (യോഹ 20:25). ഉത്ഥിതനായ തന്നെ വിശ്വസിക്കാതിരുന്ന തോമാശ്ലീഹായെ വിശ്വാസത്തിൽ ഉറപ്പിക്കാനായി വീണ്ടും യേശു പ്രത്യക്ഷനാകുന്നതും മുറിവേറ്റ തന്റെ കരങ്ങളും പാർശ്വവും കാണിച്ചുകൊടുക്കുന്നതും തന്നെ തൊട്ടുനോക്കുവാൻ തോമാശ്ലീഹായെ ക്ഷണിക്കുന്നതും തോമസിന്റെ അവിശ്വാസത്തെ ശാസിക്കുന്നതുമാണ് പിന്നീട് നാം കാണുക.

മുറിവേറ്റ ക്രിസ്തുവിന്റെ ദർശനം, അത് തോമസിന്റെ വിശ്വാസത്തെ ഉജ്ജീവിപ്പിച്ചു. മുറിവേറ്റ ക്രിസ്തുവിനെകണ്ടപ്പോൾ, അവിടുന്ന് ആർക്കുവേണ്ടി, എന്തിനുവേണ്ടി മുറിവേറ്റുവാങ്ങി, പീഡകൾ സഹിച്ച് മരിച്ചു എന്നുള്ള ചിന്തകൾ തോമസിന്റെ മനസ്സിലൂടെ കടന്നുപോയി. ആ ചിന്തകൾ തോമസിനെപുതിയൊരു മനുഷ്യനായി മാറ്റി. ഒരു പുതിയ വീക്ഷണം, ചിന്താഗതി, വിശ്വാസദൃഢത, സമ്പൂർണ്ണ സമർപ്പണം എന്നിവ തോമസിൽ രൂപപ്പെട്ടു. "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന വാക്കുകളിലൂടെ ഉത്ഥിതനിലുള്ള വിശ്വാസപ്രഖ്യാപനമായി അത് പുറത്തുവന്നു. ഒടുവിൽ ഉത്ഥിതനെപ്രഘോഷിച്ചുകൊണ്ട് ഭാരതമണ്ണിൽ അദ്ദേഹം രക്തസാക്ഷിത്വം വരിക്കുന്നതുവരെ വിശ്വാസത്തിന് സാക്ഷ്യം വഹിച്ചു.

ദുക്റാനതിരുനാൾ ആഘോഷിക്കുമ്പോൾ തോമാശ്ലീഹായുടെ മക്കളായ നമുക്ക് നമ്മുടെ പിതാവിന്റെ പാത പിന്തുടരാൻ ദൃഢനിശ്ചയമെടുക്കാം. തോമാശ്ലീഹാ പകർന്നുതന്ന വിശ്വാസദീപം അണയാതെ കാത്തുസൂക്ഷിക്കാനും ജീവിതത്തിൽ പ്രാവർത്തികമാക്കാനും ഭാവി തലമുറകൾക്ക് പകർന്നുനൽകാനും നമുക്ക് ശ്രമിക്കാം. വിശ്വാസജീവിത്തിൽ സജീവ സാക്ഷ്യങ്ങളായി മാറാൻ നമുക്ക് സാധിക്കട്ടെ. എല്ലാവർക്കും ദുക്റാനതിരുനാളിന്റെ പ്രാർത്ഥനാശംസകൾ

സ്നേഹപൂർവ്വം,
വികാരിയച്ചൻ
ഫാ. ജോസ് വല്ലൂരാൻ

**തോമസ് പറഞ്ഞു: കർത്താവേ, നീ എവിടേക്കു പോകുന്നുവെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? യേശു പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല.**
**യോഹന്നാൻ 14 : 5 – 6**




സ്വപ്നങ്ങൾ ഏറെയുണ്ടായിരുന്നു കുഞ്ഞുലോപ്പസിന്റെ മനസ്സിൽ. മനക്കണ്ണിൽ കിനാവ് കണ്ടിരുന്ന കിരീടം വേണമെന്നും, അതിനായി രാജാവിനെ പ്രീതിപ്പെടുത്തണമെന്നും അവന് അറിയാമായിരുന്നു. പതിനാലാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ലയോള കുടുംബത്തിൽ ധീരനായ ഒരു താരം ഉദയം ചെയ്തു, ഇനിഗോ ലോപ്പസ്. യുദ്ധമുറകൾ എല്ലാം നന്നായി പഠിച്ച അവൻ, യൗവനത്തിന്റെ പ്രാരംഭത്തിൽ തന്നെ യുദ്ധങ്ങൾക്ക് ഇറങ്ങി. രാജാവിനെ പ്രീതിപ്പെടുത്തണം - അത് മാത്രമായിരുന്നു അവന്റെ സ്വപ്നം. കാരണം, അവൻ കേട്ടുവളർന്നത് മുഴുവൻ കാലാൾപ്പടയോട്ടങ്ങളുടെ കഥകളും കീടധാരണത്തിന്റെ മഹത്വത്തിനെ കുറിച്ചും മാത്രമായിരുന്നു.

എന്നാൽ പാമ്പ് യുദ്ധത്തിൽ പീരങ്കി ചിതറിച്ചത് അവന്റെ കാലുകൾ മാത്രമായിരുന്നില്ല ദിനവും അധികാരത്തിൽ താലോലിച്ചിരുന്ന അവന്റെ കിനാവുകളെ കൂടിയായിരുന്നു. എന്നാൽ, പാമ്പ്ലോണ യുദ്ധത്തിൽ പീരങ്കി ചിതറിച്ചത് അവന്റെ കാലുകൾ മാത്രമായിരുന്നില്ല; ദിനവും അധികാരത്തെ താലോലിച്ചിരുന്ന അവന്റെ കിനാവുകളെ കൂടിയായിരുന്നു. വിശുദ്ധ ജീവിതത്തിന്റെ വീണ്ടുവിചാരം അവനിലേക്ക് വന്നത്, അവനെ കാര്യമായി വേദനിപ്പിച്ച, ജീവിതത്തെ അപ്പാടെ മാറ്റിയ, ഒരു പീരങ്കിയുണ്ടയുടെ രൂപത്തിലായിരുന്നു. എന്നാൽ, ചിതറിക്കപ്പെട്ട കാലുകളും തളരാത്ത മനസ്സുമായി ഇനിയും തുടരാൻ തന്നെയായിരുന്നു അവന്റെ തീരുമാനം. വിശ്രമ ജീവിതവേളകളിൽ അവൻ വായിച്ചു കൂട്ടിയ താളുകളുടെ കൂട്ടത്തിൽ, അവന്റെ ജീവിതത്തിന്റെ ഗതി മാറ്റിവിടാൻ മാത്രം പ്രാപ്തമായ, ക്രിസ്തു തൊട്ട ജീവിതങ്ങളും അതിലുണ്ടായിരുന്നു. അവിടെവച്ച്, ഇഗ്നേഷ്യസിന്റെ സ്വപ്നങ്ങൾ, ധീരനായ പടയാളിയിൽനിന്നും ക്രിസ്തു എന്ന രാജാവിലേക്കും, അവനെ അനുകരിച്ച എണ്ണമറ്റ വിശുദ്ധ ജീവിതങ്ങളിലേക്കും ചേക്കേറി. ഭൃത്യനെ സേവിക്കുന്നതിനേക്കാൾ യജമാനനെ സേവിക്കുന്നതാണ് അഭികാമ്യം എന്ന് മനസ്സിലുറപ്പിച്ച അവൻ, ‘അവനും അവളും‘ നേടിയെടുത്ത ഒളിമങ്ങാത്ത കിരീടത്തിനായി പടയോട്ടം തുടങ്ങി.

പ്രിയ യുവജനങ്ങളെ,

നമുക്ക് മുൻപിൽ വിശുദ്ധ ഇഗ്നേഷ്യസ് ലയോള ഒരു വലിയ വെല്ലുവിളിയാണ്. ഇനിഗോ ലോപ്പസ് വി. ഇഗ്നേഷ്യസ് ലയോളയായത് പോലെ, നമ്മുടെ പേരുകളും തിരുത്തിയെഴുതപ്പെടേണ്ടതുണ്ട്.

മന്ദോഷ്ണതകൊണ്ട് ചാരം പിടിച്ച നമ്മുടെ ഹൃദയങ്ങളിൽ നിന്നും, അഗ്നിയൂതിയെടുക്കപ്പെടേണ്ടതുണ്ട്. ഭൃത്യനിൽ നിന്ന് യജമാനിലേക്ക് ചുവടുമാറ്റേണ്ടതുണ്ട്. പ്രതിസന്ധികളിൽ മനം തളരാതിരിക്കാനും ലോകത്തിന്റെ പലവിചാരത്തിൽ നിന്നും ക്രിസ്തുവെന്ന ഏക വിചാരത്തിലേക്ക് മാറാനും വി. ഇഗ്നേഷ്യസ് ഒരു വലിയ ദൃഷ്ടാന്തമാണ്.

സ്വർഗം സ്വന്തമാക്കാൻ വിശുദ്ധ ലയോളെ കണ്ടുപിടിച്ച സൂത്രവാക്യം എല്ലാം ദൈവ മഹത്വത്തിനായി ചെയ്യുക എന്നതാണ്.

പ്രിയരേ,

നമുക്ക് വീണ്ടും ആരംഭിക്കാം ഏറ്റവും ചെറിയ കാര്യങ്ങൾ പോലും ദൈവ മഹത്വത്തിനായി ചെയ്തുകൊണ്ട്. ആ സൂത്രവാക്യം മനസ്സിൽ കുറിച്ചിടാം. Ad Majorem Dei Gloriam - AMDG

**പ്രിജോവച്ചൻ**

## കുടുംബക്കൂട്ടായ്മ

അതിരൂപത നിയമാവലി പ്രകാരം കുടുംബകൂട്ടായ്മകളിൽ നിന്നും 30% സ്ത്രീകളെ പ്രതിനിധി യോഗാംഗങ്ങളായി തെരഞ്ഞെടുക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്യുകയും നറുക്കിട്ട് 12 കുടുംബകൂട്ടായ്മകളിൽ നിന്നും സ്ത്രീകളെ പ്രതിനിധി യോഗത്തിലേക്ക് തെരഞ്ഞെടുക്കുവാനും തീരുമാനിച്ചു. അതനുസരിച്ച് താഴെ പറയുന്ന 12 കുടുംബകൂട്ടായ്മകൾ സ്ത്രീകളെയാണ് പ്രതിനിധിയോഗത്തിലേക്ക് തെരഞ്ഞെടുക്കുന്നത്

1. സെന്റ് പോൾ
2. സെന്റ് ആന്റണി
3. മേരി മാത
4. സെന്റ് ആഗ്നസ്
5. നിത്യസഹായ മാത
6. ഹോളിക്രോസ്
7. സെന്റ് ആൻഡ്രൂസ്
8. കാൽവരി
9. വിമലനാഥ
10. ഹോളിസ്പിരിറ്റ്
11. സെന്റ് മർത്ത
12. ലിറ്റിൽ ഫ്ളവർ

**യേശു അവനോടു പറഞ്ഞു: നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; കാണാതെ തന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാൻമാർ.**
**യോഹന്നാൻ 20 : 29**






# ബഥാനിയായിലെ സൗന്ദര്യം

ഏറ്റവും സ്നേഹം നിറഞ്ഞ കൂട്ടുകാരേ,

എല്ലാവർക്കും സുഖമാണെന്ന് കരുതുന്നു. എല്ലാവരും പുതിയ അധ്യായന വർഷം ഏറ്റവും നല്ല രീതിയിൽ ആരംഭിച്ചു എന്ന് വിശ്വസിക്കുന്നു. ഭാരത അപ്പസ്തോലനായ വി തോമാശ്ലീഹായുടെയും ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായ വി. അൽഫോൻസാമ്മയുടെയും കുട്ടികൾക്ക് വിശുദ്ധിയുടെ ധീരമാതൃക നൽകിയ വി. മരിയ ഗൊരേത്തിയുടെയും തിരുനാളുകൾ ജൂലൈ മാസത്തിൽ ആഘോഷിക്കുകയാണല്ലോ. അതോടൊപ്പം തന്നെ യേശു ഏറെ സ്നേഹിച്ചിരുന്ന ലാസറിന്റെ സഹോദരിയായ വി.മർത്തയുടെ തിരുനാൾ കൂടി ജൂലൈ 29 ന് സഭ ആചരിക്കുന്നുണ്ട്. ഒരുപക്ഷേ നാം അധികം ശ്രദ്ധിച്ചില്ലെങ്കിലും പുതിയ നിയമത്തിൽ യേശുവിനെ സ്വന്തമാക്കുകയും പ്രഘോഷിക്കുകയും ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്ന ചുരുക്കം സ്ത്രീകളിൽ ഒരാളാണ് വി. മർത്ത.

വി. യോഹന്നാന്റെ സുവിശേഷത്തെ അടിസ്ഥാനമാക്കി വി.മർത്തയുടെ ജീവിതത്തെപറ്റി വിചിന്തനം ചെയ്യുമ്പോൾ മുഖ്യമായും രണ്ടു കാര്യങ്ങളാണ് എനിക്ക് പങ്കുവയ്ക്കുവാനുള്ളത്. ഒന്നാമതായി, തന്റെ ജീവിതത്തെ അസ്വസ്ഥപ്പെടുത്തുന്ന വേദനകൾക്കും സാഹചര്യങ്ങൾക്കും നടുവിൽ തന്റെയടുത്തേക്കു വരുന്ന യേശുവിനെ ഏറ്റം ഹൃദ്യമായി സ്വീകരിക്കുവാനുള്ള നല്ല മനസ്സ് വി.മർത്തയ്ക്കുണ്ടായിരുന്നു. യേശു വരുന്നുണ്ടെന്നു കേട്ടപ്പോൾ മർത്താച്ചെന്ന് അവനെ സ്വീകരിച്ചു' (യോഹ 11:20). നാമും ഈ കൊച്ചുജീവിതത്തിൽ ആർജിച്ചെടുക്കേണ്ട സ്വഭാവവിശേഷമാണിത്. അനുദിനവും വി.കുർബ്ബാനയിലൂടെയും മറ്റു കുദാശകളിലൂടെയും യേശു അതിയായ ആഗ്രഹത്തോടെ നമ്മിലേക്ക് കടന്നുവരുന്നില്ലേ. പക്ഷേ, പലപ്പോഴും ലോകത്തിനും ലോകം വച്ചുനീട്ടുന്ന സുഖ

ങ്ങൾക്കും മറ്റും നമ്മുടെ ഹൃദയത്തിൽ നിത്യസ്ഥാനം നൽകിയിരിക്കുന്നതുകൊണ്ട് നമ്മുടെ ഹൃദയവാതിലുകൾ മുട്ടുന്ന ഈശോയ്ക്ക് അവ തുറന്നുകൊടുക്കാൻ നമുക്ക് സാധിക്കാതെ പോകുന്നു. നന്മയും നിഷ്കളങ്കതയും എളിമയും നിറഞ്ഞ കൊച്ചുഹൃദയത്തിലേക്കു മാത്രമേ ഈശോയ്ക്കു പ്രവേശിക്കാനാകു. അതുപോലെ തന്നെ ഈ ജീവിതയാത്രയിൽ ധാരാളം വ്യക്തികൾ അനുദിനവും നമ്മുടെ മുന്നിലേക്ക് കടന്നുവരുന്നുണ്ടെങ്കിലും അല്പനേരത്തെ അശ്രദ്ധയോ ജീവിതത്തിരക്കുകളോ മൂലം അവരെ ഒന്നുനോക്കാനോ ആവശ്യങ്ങൾ മനസ്സിലാക്കാനോ പലപ്പോഴും നമുക്ക് കഴിയാതെ വരുന്നു. വി. മർത്തായെപ്പോലെ എന്റെയടുത്തേക്കു വരുന്ന വ്യക്തി ആരായാലും അവരെ സ്വീകരിക്കാനുള്ള തുറവിയും ഹൃദയത്തിൽ നന്മയും ഉള്ള ഒരു മനസ്സ് ക്രൈസ്തവനെന്ന് പറഞ്ഞ് അഭിമാനിക്കുന്ന നാം സ്വായത്തമാക്കേണ്ടതാണ്. അതിനായി നാം ഏതു സൃഷ്ടിയെയും കാണുമ്പോൾ സ്രഷ്ടാവിനെ ഓർക്കുന്നതുപോലെ ഏതു വ്യക്തിയെ കാണുമ്പോഴും സൃഷ്ടാവായ ദൈവത്തെ ഓർത്ത് സ്വീകരിച്ചാൽ മാത്രം മതി.

രണ്ടാമതായി യേശുവിലുള്ള ആഴമേറിയ വിശ്വാസം വി. തോമാശ്ലീഹായെപോലെതന്നെ ധീരതയോടെ പ്രഘോഷിച്ച വ്യക്തിയാണ് വി. മർത്ത. 'അവൾ പറഞ്ഞു: ഉവ്വ്, കർത്താവേ നീ ലോകത്തിലേയ്ക്ക് വരാനിരിക്കുന്ന ദൈവപുത്രനായ ക്രിസതു ആണെന്നു ഞാൻ വിശ്വസിക്കുന്നു' (യോഹന്നാൻ 11:27). ഒരുപക്ഷേ യേശു ലാസറിനെ ഉയിർപ്പിക്കാനുള്ള പ്രധാന കാരണം താൻ ഏറെ സ്നേഹിച്ചിരുന്നതുകൊണ്ടോ കൂട്ടുകാരനായതുകൊണ്ടോ അല്ല മറിച്ച് യേശുവിലുള്ള ദൃഢമായ വിശ്വാസം വി.മർത്ത ഉറക്കെ പ്രഖ്യാപിച്ചതുകൊണ്ടാണ്. കാരണം, ഈശോയിലുള്ള വിശ്വാസം ആരൊക്കെ പ്രഘോഷിച്ചുവോ അവരുടെ ജീവിതത്തിൽ അവരാഗ്രഹിച്ചിരുന്ന സൗഖ്യങ്ങളും വിടുതലുകളും ഈശോ നല്കി. ഈ കാലഘട്ടത്തിൽ ഈശോയിലുള്ള വിശ്വാസപ്രഘോഷണം ഏറ്റവും ധീരമായ ഒരു പ്രവൃത്തി എന്നു മാത്രമേ വിശേഷിപ്പിക്കാനാകൂ. പ്രതികൂല സാഹചര്യങ്ങളിലും ഈശോയെ ഏറ്റുപറഞ്ഞ് 'സ്വർഗ്ഗം മതി' എന്ന് വാശിപ്പിടിച്ച കോടാനു കോടി രക്തസാക്ഷികളുടെ ചുടുനിണം വീണുകൊണ്ടിരിക്കുന്ന സഭാ കൂട്ടായ്മയിലെ അംഗങ്ങളാണ് നാം. ബുദ്ധിയുടെ തലത്തെ മാറ്റിനിർത്തി വിശ്വാസത്തിന്റെ കണ്ണുകളിലൂടെ യേശുവിനെ മനസ്സിലാക്കുകയും അനുഭവിച്ചറിയുകയും ആ വിശ്വാസം ധീരതയോടെ നാം ആയിരിക്കുന്ന സമൂഹത്തിൽ പ്രവൃത്തികളിലൂടെയും സംസാരത്തിലൂടെയും പ്രഘോഷിക്കേണ്ടവരാണ് നാം. ഇതാണ് ഈശോ നമ്മിൽനിന്നും ആഗ്രഹിക്കുന്നത്. വി. മർത്തയെപ്പോലെ ദൈവദാനമായ വിശ്വാസം ജ്വലിപ്പിച്ച്, ഈശോയെ പ്രഘോഷിക്കാനുള്ള ധീരതയ്ക്കായി വിശ്വാസത്തിന്റെ വെളിച്ചം പകർന്നുതന്ന വി. തോമാശ്ലീഹായുടെയും ഈശോയെ ധീരതയോടെ പ്രഘോഷിച്ച വി. മർത്തായുടെയും പ്രത്യേക മാധ്യസ്ഥം നമുക്ക് ഈ മാസത്തിൽ യാചിക്കാം. ഏവർക്കും വി.തോമാശ്ലീഹായുടെയും വി. മർത്തായുടെയും വി. അൽഫോൻസാമ്മയുടെയും വി. മരിയ ഗൊരേത്തിയുടെയും തിരുനാൾ മംഗളങ്ങൾ നേരുന്നു.

ഒത്തിരി സ്നേഹത്തോടെ,
ഫാ. ജീസ്മോൻ ചെമ്മണൂർ



# നോട്ടം

ക്രൂശിതന്റെ സഹനയാത്രയിൽ മാറി നിന്ന് അനുഗമിച്ചവരിൽ അവളും ഉണ്ടായിരുന്നു. അവളുടെ നോട്ടം മുഴുവനും തകർക്കപ്പെട്ടുകൊണ്ടിരുന്ന നാഥനിലായിരുന്നു. കാരണം മരണത്തിൽ നിന്ന് ജീവനിലേക്ക് ഉയർത്തിയത് ഈ നാഥനാണ്. ഈശോ അവളെ അന്ന് നോക്കിയിലായിരുന്നെങ്കിൽ മഗ്ദലേനയിലെ വിശുദ്ധയെ ലോകം കാണുമായിരുന്നില്ല. മറ്റുള്ളവർ അവളുടെ തെറ്റുകൾ കണ്ടപ്പോൾ അവളുടെ പാപങ്ങളെ ചൂണ്ടിക്കാണിച്ചപ്പോൾ ഈശോ അവളിലെ നന്മയെ കണ്ടെത്തി അവളെ വീണ്ടെടുക്കുകയായിരുന്നു. പാപത്താൽ ബന്ധിതമാക്കപ്പെട്ട അവളുടെ ജീവിതത്തിൽ നിന്ന് പിശാചുക്കളെ പുറത്താക്കിക്കൊണ്ട് ഈശോ അവളെ നേർവഴിക്ക് നടക്കാൻ പഠിപ്പിച്ചു. ജീവനുംകൊണ്ട് ഓടിപ്പോയ ശിഷ്യന്മാരെ ചോദ്യം ചെയ്യുന്ന തരത്തിലായിരുന്നു അവളുടെ അനുഗമനം. അതുകൊണ്ടുതന്നെയായിരിക്കണം ഉത്ഥിതനായ ക്രിസ്തു ആദ്യം മഗ്ദലേനക്ക് പ്രത്യക്ഷനായത്. രക്തം വാർന്ന് വികൃതമായ മുഖം ഒപ്പിയെടുത്ത വെറോനിക്കയെപോലെ അകലങ്ങളിൽ അവനെ അനുഗമിച്ച് അവനെ മുഴുവനായും ഹൃദയത്തിൽ ഒപ്പിയെടുത്തവളാണ് മഗ്ദലേന മറിയം. മഗ്ദലാ എന്ന പട്ടണത്തിലെ മറിയം, ഗലീലി തടാകത്തിന്റെ അടുത്തുള്ള ഒരു പട്ടണമായിരുന്നു അത്. ലൂക്കയുടെ സുവിശേഷം 8:2-ൽ ഏഴു പിശാചുക്കളിൽ നിന്ന് യേശു രക്ഷിച്ച മറിയം തന്നെയാണ് മഗ്ദലേന മറിയം. യേശുവിനെ അവസാനം വരെ അനുഗമിച്ച് കുരിശിൻ ചുവട്ടിൽ പരി. അമ്മക്കൊപ്പം ക്രൂശിതനെ നോക്കി വിതുമ്പിയ മഗ്ദലേന. ഏഴ് എന്ന സംഖ്യ പൂർണതയുടെ പ്രതീകമാണ്. അതുകൊണ്ടു തന്നെ ഏഴ് പിശാചുക്കൾ എന്ന് പറയുമ്പോൾ മഗ്ദലേ

ന മറിയത്തിന്റെ ജീവിതം അത്രയും ശോചനീയമായിരുന്നു എന്നാണ് നാം മനസ്സിലാക്കേണ്ടത്. പാപത്തിന്റെ പടുകുഴിയിൽ നിന്നും രക്ഷിച്ച രക്ഷകനോടുള്ള അവളുടെ സ്നേഹം ഒരിക്കലും അസ്തമിച്ചു പോകാൻ ഇടയായില്ല. തിരിച്ചുവന്ന് നന്ദി പറഞ്ഞ വിജാതീയനെ പോലെ ജീവിതാവസാനം വരെ അവൾ ഈശോയോട് നന്ദിയുള്ളവളായിരുന്നു. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുമായി മഗ്ദലേന മറിയത്തെ സാമ്യപ്പെടുത്താറുണ്ട്. ഇതൊരു തെറ്റിദ്ധാരണയാണ്, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ കുരിശിന്റെ ചുവട്ടിൽ നിന്ന മഗ്ദലേന മറിയം അല്ല. കുരിശിന്റെ ചുവട്ടിൽ നിന്ന മഗ്ദലേന മറിയം യേശു ഏഴു പിശാചുക്കളെ പുറത്താക്കിയ മറിയമാണ്.

സഭ പ്രത്യേകമായി വി. മഗ്ദലേന മറിയത്തെ ഓർമ്മിക്കുന്ന ദിവസമാണ് ജൂലൈ 22. മഗ്ദലേനയെ പോലെ നമുക്കും ഈശോയെ അനുഗമിച്ച്, ഉത്ഥിതന്റെ സുവിശേഷം ലോകത്തെ അറിയിക്കാൻ പരിശ്രമിക്കാം.

വി. മഗ്ദലേന മറിയത്തോടുള്ള ഔദ്യോഗിക സഭാ പ്രാർത്ഥന
(റോമൻ മിസാലിൽ നിന്ന്)
'ദൈവമേ, നിന്റെ ഏകജാതനായ യേശുക്രിസ്തു
വി. മഗ്ദലേന മറിയത്തെ പാപങ്ങളിൽ നിന്ന് മോചിപ്പിച്ചു,
പുനരുത്ഥാന സന്തോഷം പ്രഘോഷിക്കാൻ തിരഞ്ഞെടുത്തു.
അവരുടെ മദ്ധ്യസ്ഥതയാൽ ഞങ്ങളും
പാപമോചനം പ്രാപിക്കാനും
ജീവിതത്തിന്റെ പുതുക്കം കാണാനും
നിന്റെ മഹത്വത്തിനായി ജീവിക്കാനും
അനുഗ്രഹിക്കണമേ.
നിന്റെ ദാസിയായ മഗ്ദലേനയുടെ പെരുന്നാൾ
ഞങ്ങളുടെ വിശ്വാസം ഉറപ്പിക്കട്ടെ.
ആമേൻ.

**ഡീക്കൻ ജോസഫ് ബ്രഹ്മകുളം**



**ലൂർദ്ദ് മെട്രോപ്പൊളീറ്റൻ കത്തീഡ്രൽ കുടുംബകൂട്ടായ്മ പതാകദിനത്തിൽ വെരി. റവ. ഫാ. ജോസ് വല്ലൂരാൻ പതാക ഉയർത്തുന്നു**



ഡോ. ഇഗ്നേഷ്യസ് ആന്റണി

# വളർച്ച തളർച്ചയായി മാറ്ററുത് ചിന്തിക്കണം. വിളർച്ചയോടെയാണോ വളരുന്നത്?

"സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെകീഴടക്കുവിൻ" (ഉല്പത്തി 1:28). ദൈവവചനം ഉല്പത്തി പുസ്തകത്തിലൂടെ മനുഷ്യവർഗ്ഗത്തെ ഏല്പിച്ച ദൗത്യവും അനുഗ്രഹവുമാണ്. ഭൂമി മുഴുവൻ നിറഞ്ഞ് ഭൂമിയിലെ എല്ലാ ആവാസവ്യവസ്ഥകളെയും നിലനിർത്തി വളർത്തി സർവ്വചരാചരങ്ങളെയും സംരക്ഷിക്കുക എന്നുള്ള ദൗത്യം. ഓരോ ജീവിയുടെയും വളർച്ച അവയുടെ ആവാസവ്യവസ്ഥയും മറ്റു ജീവികളുമായും ബന്ധപ്പെട്ടുകിടക്കുന്നു. സ്വയം വളരണം മറ്റുള്ളവയെയും വളർത്തണം, നിലനിർത്തണം. വലിയ ദൗത്യമാണ് മനുഷ്യന്റേത്. പ്രളയകാലത്തും ഒരു ജീവിയും നശിച്ചുപോകാതിരിക്കാൻ ശുദ്ധിയുള്ളതിൽനിന്നും ഇല്ലാത്തതിൽനിന്നും ആണും പെണ്ണും തിരിച്ച് തിരഞ്ഞെടുത്ത് എല്ലാ വംശത്തേയും വർഗ്ഗത്തേയും നിലനിർത്തി ദൗത്യം തുടരുന്നതിന് ദൈവം നോഹയെ തിരഞ്ഞെടുത്തു. നോഹ സത്യസന്ധമായി തന്നെ ഭരമേല്പിച്ച കർത്തവ്യം നിറവേറ്റി. നാനാതരത്തിലുള്ള ജീവികളടങ്ങുന്ന ഒരു ജൈവസമൂഹവും പരിസ്ഥിതിയും ചേർന്നാണ് ഒരു ആവാസവ്യവസ്ഥ രൂപപ്പെടുന്നതും നിലനിൽക്കുന്നതും വളരുന്നതും, അവ പരസ്പരം ബന്ധപ്പെട്ടു പ്രവർത്തിക്കുകയും ചെയ്യുന്നത്. ഓരോ ആവാസവ്യവസ്ഥകളിലും സൂക്ഷ്മജീവികളും (Micro) ഇടത്തരവും വലുതും (Macro) ആയ പലതരം ജീവജാലങ്ങൾ പരസ്പരം ബന്ധപ്പെട്ട് ജീവിക്കുന്നു. ഓരോ ജീവിക്കും അതിന്റെ പ്രത്യേകതകളനുസരിച്ച് അവ സാധാരണ കാണപ്പെടുന്ന വാസസ്ഥലം അഥവാ പാരിസ്ഥിതിക പ്രദേശവും (Habitat) ഉണ്ട്. അതുപോലെ തന്നെ ഓരോ ജീവിക്കും പ്രത്യേക ശീലങ്ങളും (Habit) ഉണ്ടായിരിക്കും, അതുപോലെ ഏറ്റവും ചേർന്ന പ്രവർ

ത്തനരീതിയും പ്രവർത്തനസ്ഥലവുമുണ്ടായിരിക്കും.

ഒരു പ്രത്യേക പ്രദേശത്ത് ജീവിക്കുന്ന ഒരു പ്രത്യേക സ്പീഷിസിന്റെ കൂട്ടത്തെയാണ് ആ പ്രദേശത്തെ ആ സ്പീഷിസിന്റെ പോപ്പുലേഷനായി (population) ഗണിക്കുന്നത്. ഇങ്ങനെയുള്ള എല്ലാ ജീവജാലങ്ങളുടെയും പോപ്പുലേഷനുകൾ കൂടുമ്പോൾ ഒരു സമൂഹം (community) രൂപപ്പെടുന്നു. ഈ പോപ്പുലേഷനുകളെയും സമൂഹങ്ങളെയും നിയന്ത്രിക്കുന്ന ഒരുപാട് ഘടനാപരമായ സവിശേഷതകളും പ്രവർത്തനപരമായ പ്രത്യേകതകളും ഓരോ ആവാസവ്യവസ്ഥകളിലും ഉണ്ട്. ഓരോ ആവാസവ്യവസ്ഥയിലും അകത്തുനിന്നും പുറത്തുനിന്നും ഉള്ള വൈവിധ്യങ്ങളായ കാരണങ്ങൾകൊണ്ട് ആവാസവ്യവസ്ഥയ്ക്കും ഓരോ പോപ്പുലേഷനും സമൂഹത്തിനും അവയുടെ ഘടനയ്ക്കും പ്രവർത്തനങ്ങൾക്കും ചെറുതും വലുതുമായ മാറ്റങ്ങൾ ഉണ്ടാകുന്നു.

ഇങ്ങനെയുള്ള മാറ്റങ്ങൾ ചില ആവാസ വ്യവസ്ഥയെ വളർത്തുന്നു. ചിലതിനെ തളർത്തുകയും നശിപ്പിക്കുകയും ചെയ്യുന്നു. അതുപോലെ ചില ജീവജാലങ്ങളെ പോസറ്റീവായി സപ്പോർട്ട് ചെയ്യുന്നു. ചിലതിനെനെഗറ്റീവായി ബാധിക്കുന്നു. ചില പോപ്പുലേഷനുകൾ യാതൊരു നിയന്ത്രണങ്ങളുമില്ലാതെ വളരുന്നു; ചില പോപ്പുലേഷനുകൾ ഭൂമുഖത്തുനിന്നുതന്നെ അപ്രത്യക്ഷമാകുന്നു (വംശനാശം). ചില ആവാസവ്യവസ്ഥകൾ തന്നെ ഭൂമുഖത്തുനിന്നു അപ്രത്യക്ഷമാകാനോ കുറേശ്ശയായി നശിപ്പിക്കപ്പെട്ടു ചുരുങ്ങിപോകാനോ ഭാഗികമായോ മുഴുവനായോ നശിച്ചുപോകാനോ സാധ്യതകളുണ്ടാകുന്നു.
നമുക്ക് ഇഷ്ടപ്പെട്ട ജീവിയാണല്ലോ ആനകൾ. 60–70 വർഷമാണ് സാധാരണ ആനകളുടെ ജീവിതദൈർഘ്യം. ഈ കാലഘട്ടത്തിൽ അവ പരമാവധി 4 അല്ലെങ്കിൽ 5 കുട്ടികൾക്കുമാത്രമെ ജന്മം നല്കുന്നുള്ളൂ. കരയിൽ ഏറ്റവും ദൈർഘ്യമേറിയ ഗർഭകാലമാണ് ആനയുടേത്. അവയുടെ ഗർഭകാലം 22 മാസം (660 days) ആണ്. പ്രകൃതിയുടെ കൃത്യമായ നിയന്ത്രണങ്ങൾ ഉള്ളതുകൊണ്ട് തന്നെ അതിന്റെ എണ്ണം നിയന്ത്രണവിധേയമായി നിലനിൽക്കേണ്ടതാണ്. എന്നാൽ ആവാസവ്യവസ്ഥകളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ചില പോപ്പുലേഷനുകളെ ക്രമാതീതമായി വളർത്തുമ്പോൾ അവയുടെ എണ്ണത്തിലെ വർദ്ധന ആ പ്രത്യേക ആവാസവ്യവസ്ഥയേയും ചേർന്നുകിടക്കുന്ന മറ്റ് ആവാസവ്യവസ്ഥകളെയും ഗുരുതരമായി ബാധിക്കും. ചുരുക്കത്തിൽ ഏറ്റവും ദൈർഘ്യമേറിയ ഗർഭകാലമാണ് ആനയുടേതെങ്കിലും പ്രകൃതിയുടെ നിയന്ത്രണത്തിൽ ഘടനാപരമായും പ്രവർത്തനപരവുമായി മാറ്റങ്ങൾ ഉണ്ടായാൽ ആനകൾ പെരുകി അത് ആ ആവാസവ്യവസ്ഥയ്ക്കും മറ്റു ആവാസവ്യവസ്ഥകൾക്കും നാശമുണ്ടാക്കുന്നതിന് ഇടവരുത്തും. എല്ലാ ആവാസവ്യവസ്ഥകളിലും ഓരോ ജീവിക്കും സന്തുലിതമായി വളരുന്നതിന് ഒരു നിയന്ത്രണമുണ്ടായിരിക്കും. സന്തുലിതാവസ്ഥ നിലനില്ക്കേണ്ടത് എല്ലാ ആവാസവ്യവസ്ഥകൾക്കും ജീവജാലങ്ങൾക്കും ആവശ്യമാണ്. എല്ലാ ജീവജാലങ്ങളുടെയും ഫെർട്ടിലിറ്റിയും ഫെക്കുൺണ്ടിറ്റിയും പഠിക്കുമ്പോൾ നമുക്ക് അത് ബോധ്യപ്പെടുകയും ചെയ്യും. ഓരോ ആവാസവ്യവസ്ഥയ്ക്കും സപ്പോർട്ട് ചെയ്യാവുന്നതിനും നിയന്ത്രണങ്ങൾ ഉണ്ട്. നിയന്ത്രണങ്ങൾക്കപ്പുറത്തേക്ക് എ

ണ്ണങ്ങൾ പെരുകുമ്പോൾ ഈയടുത്ത് ബാംഗ്ലൂരിൽ ക്രിക്കറ്റ് ആഘോഷങ്ങളിൽ സംഭവിച്ചതുപോലെ വലിയ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാകുകയും ചെയ്യും. പോപുലേഷൻ തകർച്ചയിലേക്ക് അത് നയിക്കും. ആവാസവ്യവസ്ഥകൾ നശിച്ചുപോകാൻ ഇടവരും.

അധികമായാൽ അമൃതും വിഷമായി മാറുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ ആനകൾ ക്രമാതീതമായി വളർന്നാൽ, ചിന്തിക്കുന്നത് നല്ലതാണ്. നമ്മുടെ സിസ്റ്റത്തിനു എന്ത് സംഭവിക്കും? എന്തും സംഭവിക്കാം. ക്രമാതീതമായി വളരുന്ന ജീവികൾ സമൂഹത്തിൽ ഉണ്ടാക്കുന്ന പ്രതിസന്ധികളും പ്രത്യാഘാതങ്ങളും ഗുരുതരമായിരിക്കും. ചെറിയ ചെറിയ ഇഷ്ടികകൾ അടക്കിവെച്ചും ചേർത്തുവെച്ചും ഒരു വലിയ മതിൽ പണിതീർത്തതിനുശേഷം ഒരു ഇഷ്ടികയ്ക്ക് വലുതാകാനോ ചെറുതാകാനോ സ്ഥാനം ഉയരത്തിലേക്കോ താഴത്തേക്കോ മാറാനോ നശിച്ചുപോകാനോ ആഗ്രഹമുണ്ടായി അതിനുവേണ്ടി പ്രവർത്തിച്ചുതുടങ്ങിയാൽ മതിലിന്റെ അവസ്ഥ എന്താകും. ഒരു ആവാസവ്യവസ്ഥയിൽ ഘടനാപരവും പ്രവർത്തനപരവുമായ രീതികളും ഭാഷകളും മനസ്സിലാകാതെവന്നാൽ ബാബേൽ ഗോപുരനിർമ്മിതിയുടെ അവസ്ഥയാണ് ഉണ്ടാകുക.

ഓരോ മനുഷ്യനും അവന്റെ വ്യക്തിത്വവും കുടുംബവും തറവാടും കൂട്ടായ്മകളും സമൂഹവും വളർണം. വളരും തോറും വളർന്നുവരുന്ന ഉത്തരവാദിത്വവും ഓർമ്മിക്കണം. അതനുസരിച്ച് പ്രവർത്തിക്കണം. വിജയിക്കുന്നവൻ ഓർക്കേണ്ടത് കൂടെയുണ്ടായിരുന്നവരേയാണ്, കൂടെ ഓടിയവരേയാണ്, കൂടെ പഠിച്ചവരേയാണ്, കൂടെ വളർന്നവരേയാണ്, അതുപോലെ വളർത്തിയ സിസ്റ്റത്തേയുമാണ്. ഉത്തരവാധിത്തത്തോടെയുള്ള വളർച്ച ഒരുവന്റെ വളർച്ചയല്ല ഒരു സമൂഹത്തിന്റെ വളർച്ചയാണ്. ദിവംഗതനായ ഫ്രാൻസീസ് മാർപാപ്പ 'ലൗദാത്തോസീ'യിലൂടെ മനുഷ്യവർഗ്ഗത്തെ ഓർമ്മപ്പെടുത്തിയതും ഈ വളരുംതോറുമുള്ള ദൗത്യങ്ങളെയാണ്.

ഡോ. ഇഗ്നേഷ്യസ് ആന്റണി.



2024-25 വർഷത്തെ മാതൃക കുടുംബ കൂട്ടായ്മയ്ക്കുള്ള ട്രോഫി ലൂർദ്നാഥ യൂണിറ്റ് അംഗങ്ങൾ തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിൽ നിന്നും ഏറ്റുവാങ്ങുന്നു.





# ഏറെ വ്യത്യസ്തനായ സ്നേഹിതനും സേവകനും

കത്തീഡ്രൽ കുടുംബത്തിലെ തലമുറകളെപോലും ബന്ധപ്പെടുത്തി കുടുംബാംഗങ്ങളെയും കുടുംബങ്ങളേയും പള്ളിയേയും മുന്നോട്ടുനയിക്കുന്നതിൽ ഒരു പ്രത്യേക സ്ഥാനമാണ് പഴയകാലം തുടങ്ങി ലൂർദ്ദ്പള്ളിയിൽ പള്ളിമേനോൻമാരുടേത്. പള്ളികളുടെ കൂടെ പള്ളിക്കൂടങ്ങൾ ആരംഭിച്ചുകൊണ്ട് മറ്റുസമുദായങ്ങളെയും മതസ്ഥരേയും ജ്ഞാനവിജ്ഞാനവിജയങ്ങളിലേക്കും വെളിച്ചത്തിലേക്കും പുരോഗതിയിലേക്കും കൈപിടിച്ചു നടത്തുന്നതിലും ഉയർത്തുന്നതിലും ക്രിസ്ത്യൻ സമുദായം എന്നും ഒരുപടി മുന്നിലായിരുന്നു. കണക്കുകൾക്ക് എപ്പോഴും കൃത്യത നിലനിർത്തേണ്ടത് കണക്കപ്പിള്ളയുടെ കർത്തവ്യമായതുകൊണ്ട് തന്നെ കണക്കപ്പിള്ളയുടെ പെരുമാറ്റത്തിലും സംസാരത്തിലും സ്വഭാവത്തിലും ജീവിതത്തിലും കണിശങ്ങളുടെ ഒരു നിരതന്നെ നിഴലിച്ചുനിന്നിരുന്നു. അത്തരത്തിൽ ഉള്ളിലെ സ്നേഹത്തേയും നന്മകളെയും ഒരിക്കലും പുറത്തുകാണിക്കാതെ പ്രകടമാക്കാതെ കർമ്മനിരതനായ ഒരു വ്യക്തിത്വമാണ് O.A. ജോർജ്ജ് ഒളാട്ടുപുറത്തിന്റേത്.

ചരിത്രം നിലനിർത്തുന്ന പഴയലൂർദ്ദ് പള്ളിയുടെയും പള്ളിമേടയുടേയും അടിപള്ളിയുടെയും ശവക്കോട്ടപള്ളിയുടെയും പള്ളിഹാളുകളുടെയും സംഘടനകളുടെയും ആഘോഷചരിത്രവും പുരോഗതി

യിലേയ്ക്കുള്ള പ്രയാണങ്ങളും പ്രവർത്തനങ്ങളും പ്രോഗ്രാമുകളും ഒരു പരിധിവരെ കൃത്യമായി പ്രതിപാദിച്ചുകൊണ്ട് മാറിമാറി വരുന്ന വൈദീകരോടും കൈക്കാരന്മാരോടും ഇടവകക്കാരോടും പറയാനും ബോധ്യപ്പെടുത്താനും തന്റെ പ്രവർത്തനങ്ങളിൽ കൃത്യത നിലനിർത്താൻ പരിശ്രമിച്ചിട്ടുള്ള അതുല്യവ്യക്തിത്വമാണ് ജോർജ്ജേട്ടന്റേത്.

തന്നെ ഏല്പിച്ച മുന്തിരിത്തോട്ടം തന്നിൽ നിഷിപ്തമായ താലന്തുകൾക്കനുസരിച്ച് വിശ്വസ്തതാപൂർവ്വം കർമ്മംകൊണ്ട് സംരക്ഷിക്കാനും ഉത്തരവാദിത്വത്തോടെ വെള്ളവും വളവും നൽകി വളർത്തി സംരക്ഷിക്കുകയും പുഷ്ടിപ്പെടുത്തി കൊണ്ടുപോകാൻ അക്ഷീണം ശ്രമിക്കുകയും അതിനുവേണ്ടി സഹനങ്ങൾ അനുഭവിക്കുകയും ചെയ്യേണ്ടിവന്ന ഉത്തരവാദിത്വമുള്ള കർമ്മനിരതനായ ഒരു തൊഴിലാളിയായും അത്തരത്തിലൂള്ള ഒരു തൊഴിൽ സംസ്കാരവും നിലനിർത്തിപ്പോന്ന ഒരു അതുല്യ വ്യക്തിത്വവുമാണ് ജോർജ്ജേട്ടന്റേത്.

തൊഴിലാളിയും തൊഴിലും തൊഴിൽ സമയവും സത്യസന്ധമായ നിർവ്വഹണരീതികളും എന്നും സമൂഹത്തിൽ ചർച്ചചെയ്യപ്പെടുന്ന ഒരു വിഷയമാണ്. സമൂഹനിർമ്മിതിയിൽ നന്മയുള്ള തൊഴിൽ സംസ്ക്കാരത്തിന് എന്നും പ്രത്യേക സ്ഥാനം ലഭിച്ചുവന്നിട്ടുമുണ്ട്. അപ്രകാരം ചിന്തിക്കുമ്പോൾ കത്തീഡ്രലിന്റെ ചരിത്രത്തിൽ പ്രത്യേകതയുള്ള ഒരു തൊഴിൽ സംസ്കാരം തുടങ്ങുകയും നിലനിർത്തി വളർത്തുകയും ചെയ്ത കത്തീഡ്രൽ കുടുംബത്തിന്റെ ഒരു ഉത്തമസുഹൃത്തും സംരക്ഷകനും കുടുംബാംഗവുമാണ് 33 വർഷത്തെ സേവനത്തിനുശേഷം അടുത്തൂൺപറ്റി പിരിയുന്ന 1951 നവംബർ 1 ന് ജനിച്ച് 74 വയസ്സുകാരനായ ശ്രീമാൻ ജോർജ്ജേട്ടന്റേത്. എന്തുകൊണ്ട് ജോർജ്ജേട്ടന്റെ സർവ്വീസ് കാലാകാലങ്ങളിൽ വികാരിയച്ചന്മാരും കൈക്കാരന്മാരും നീട്ടുക്കൊടുത്തു എന്നുള്ളതിനുള്ള ഉത്തരം അദ്ദേഹത്തിന്റെ കർമ്മകുശലതയും സത്യസന്ധതയും വൈവിധ്യമാർന്ന മനുഷ്യരെ ഉൾക്കൊള്ളാനുള്ള കഴിവും നൈപുണ്യവുമായിരുന്നു. വർഷങ്ങൾക്കുമുമ്പേ എല്ലാ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും കമ്പ്യൂട്ടറൈസേഷനിലേക്ക് നീങ്ങിയപ്പോഴും സുദീർഘമായ ഒരു കാലഘട്ടം കൈക്കാരന്മാരോടും പ്രതിനിധിയോഗത്തിലും കണക്കുകൾ അവതരിപ്പിച്ച് 'ചില വ്യഞ്ജനാതിയും' 'പറമ്പു പ്രയത്നവും' 'മരാമത്തു ചിലവുകൾക്കും' വിശദീകരണങ്ങൾ നൽകി പുതിയതലമുറയേയും പഴയതലമുറയേയും ബോധ്യപ്പെടുത്തിയിരുന്നത് കത്തീഡ്രൽ കുടുംബം എന്നും നന്ദിയോടെ ഓർക്കുമെന്ന് ഉറപ്പാണ്.

വിവേകത്തിലൂന്നി കർമ്മനിരതനാകുന്ന ജോർജ്ജേട്ടന്റെ ശൈലികൊണ്ട് പൊതുജനസമ്പർക്കം കൂടുതൽ വരുന്ന പള്ളിയിലെ എല്ലാ പ്രവർത്തനമേഖലകളിലും എല്ലാത്തരം വ്യക്തികളെയും ഉൾക്കൊണ്ട് അവരുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും എല്ലാവരേയും ബോധ്യപ്പെടുത്താനും സംതൃപ്തരാക്കാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ജോർജ്ജേട്ടന്റെ ജീവിതത്തി

ന്റെ ഏറ്റവും ധന്യമായ അദ്ധ്യയമാണ് ജോർജ്ജേട്ടൻ സമ്പാദിച്ച കത്തീഡ്രൽ കുടുംബത്തോടുള്ള വിശ്വസ്തതയും ബന്ധങ്ങളും.

സാംസ്കാരികതലസ്ഥാനമായ തൃശ്ശൂരിന്റെ തിലകക്കുറിയായ ലൂർദ്ദ്കത്തീഡ്രലിൽ മികവോടെ നിരവധി ചരിത്രസംഭവങ്ങൾ അരങ്ങേറിയപ്പോൾ, അണിയറയിൽ വിശ്വസ്തനായി രാത്രിയും പകലും പള്ളി ഓഫീസിനെ സജലമാക്കിയ ചരിത്രം ജോർജ്ജേട്ടനുമാത്രം സ്വന്തം. തിരുനാൾ ദിവസങ്ങളിലും ധ്യാനദിവസങ്ങളിലും പള്ളിയുടെ സുഗമപ്രവർത്തനത്തിനായി സ്വന്തം വീട്ടിലെ തിരുനാളും ആഘോഷവും കൂട്ടായ്മയും കർത്തവ്യത്തിന്റെ ഭാഗമായി ഉപേക്ഷിച്ച് പ്രവർത്തനനിരതനായത് നന്ദിയോടെ മാത്രം കത്തീഡ്രൽ കുടുംബം അനുസ്മരിക്കുന്നു.

രക്തത്തിലെ മധുരത്തിനെ ലഘൂകരിക്കാനും നിയന്ത്രിക്കാനും ഇഞ്ചക്ഷനുമായി നിരവധി വീടുകൾ കയറിയിറങ്ങിയ ജോർജ്ജേട്ടൻ, വേദനയില്ലാത്ത ഇഞ്ചക്ഷൻ കൊടുത്ത് കത്തീഡ്രൽ കുടുംബത്തിന്റെ മുഴുവൻ മധുരമായി സേവകനായി തന്റെ ദൗത്യനിർവ്വഹണം വിവാഹം, മാമ്മോദീസ തുടങ്ങിയ സന്തോഷ അവസരങ്ങളിലും കത്തീഡ്രൽ കുടുംബങ്ങൾക്ക് കൃത്യതയോടെ നൽകിയത് കൃതജ്ഞതയോടെ സ്മരിക്കുന്നു. ജീവിതത്തിന്റെ വിവിധഘട്ടങ്ങളിൽ മാറ്റങ്ങൾ അനിവാര്യമാണെങ്കിലും കത്തീഡ്രൽ ഓഫീസിന് മറക്കാനാവാത്ത വ്യക്തിത്വമാണ് ഒ.എ. ജോർജ്ജേട്ടൻ. തന്റെ സ്വതസിദ്ധമായ ചിരിയും കൃത്യനിർവ്വഹണത്തിലെ ഗൗരവവും തലനരച്ച കാരണവരുടെ പിതൃതുല്യമായ വാത്സല്യവും കരുതലും നുകർന്നവരായിരിക്കും പള്ളി ഓഫീസിലെ ജീവനക്കാരെല്ലാവരും, ദൈവാലയ ഓഫീസിൽ വരുന്നവരും. ഓർമ്മകളും ഓർമ്മപ്പെടുത്തലുകളുമായി നിരവധി ധന്യമുഹൂർത്തങ്ങൾ ദൈവാലയചരിത്രത്തിൽ രേഖപ്പെടുത്തി അനുഭവങ്ങളുടെ നിറവുമായി ഇനിയുള്ളകാലം ഓർക്കാൻ ഒരുപാട് സംഭവങ്ങളുമായി ജീവിതത്തിന്റെ മറ്റൊരു ഘട്ടത്തിലേയ്ക്ക് പ്രവേശിച്ച ജോർജ്ജേട്ടന് നന്ദിയും പ്രാർത്ഥനകളും സ്നേഹവും കത്തീഡ്രൽ കുടുംബം ആശംസിക്കുന്നു. പള്ളിയുടെ 33 വർഷത്തെ ചരിത്രം മുഴുവൻ തലയിലും ഹൃദയത്തിലും നിറച്ച് ദൈവാലയത്തിന്റെ കഴിഞ്ഞ 33 വർഷത്തിന്റെ ഒരു റഫറൻസ് ഗ്രന്ഥമായി മാറിയിരിക്കുന്നു നമ്മുടെ സ്വന്തം ജോർജ്ജേട്ടൻ. തുടർന്നും ആരോഗ്യത്തോടെ സമൂഹത്തിൽ കർമ്മനിരതനായി സേവനം ചെയ്യാൻ ദൈവം അദ്ദേഹത്തെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. നിരവധി വൈദീകരുടെ പ്രാർത്ഥനകളും അനുഗ്രഹങ്ങളും കൊണ്ട് കൂടുതൽ ധന്യമാകട്ടെ ദൈവം നൽകുന്ന ജീവിതകാലം മുഴുവൻ. കത്തീഡ്രൽ കുടുംബത്തിൽ നിന്ന് സ്വന്തം കുടുംബത്തിലേക്ക് ആഴത്തിൽ ഇറങ്ങിചെല്ലാനും ബന്ധങ്ങളുടെ നിറവിൽ ജീവിതം ആസ്വദിക്കാനും അദ്ദേഹത്തിന് സർവ്വേശ്വരൻ ഇടവരുത്തട്ടെ. ഇടവകമദ്ധ്യസ്ഥയായ പരിശുദ്ധ അമലോത്ഭവ മാതാവിന്റെ സംരക്ഷണം എന്നും ഉണ്ടാകട്ടെ.







ഡോ. കെ.എം. ഫ്രാൻസിസ്

# വി. തോമസും സീറോ മലബാർ സഭയും

സീറോ മലബാർ സഭ ഒരു സ്വയാധികാര സഭയാണ്. സീറോ മലബാർ സഭയുടെ തലവൻ മേജർ ആർച്ച് ബിഷപ്പാണ് ഇത്തരത്തിൽ 24 സ്വയാധികാര വ്യക്തിസഭകളുടെ കൂട്ടായ്മയാണ് പരിശുദ്ധ കത്തോലിക്കാസഭ. ധാർമ്മികത, ആരാധനാക്രമം എന്നീ രണ്ടുവിഷയമൊഴികെയുള്ള എല്ലാ കാര്യങ്ങളിലും തീരുമാനമെടുക്കാൻ സ്വയാധികാര സഭകളിലെ മെത്രാൻ സിനഡിന് അധികാരമുണ്ട്. നിയമപരമായി 1923ലാണ് സീറോ മലബാർ സഭയെ സ്വയാധികാര സഭയാക്കി മാറ്റാനുള്ള ആദ്യശ്രമങ്ങൾ ആരംഭിച്ചത്.

ഇത്തരത്തിൽ ഒരു സഭാ-സമൂഹത്തെ സ്വയാധികാര സഭയായി തിരുസഭ പ്രഖ്യാപിക്കണമെങ്കിൽ പ്രസ്തുത വിശ്വാസിസമൂഹത്തിന് നാല് സവിശേഷതകൾ ഉണ്ടാകണം. അപ്പസ്തോലിക പാരമ്പര്യം, സ്വന്തമായ ആത്മീയത, വ്യതിരിക്തമായ ഭരണക്രമം, സ്വന്തമായ ആരാധനാക്രമം എന്നിവയാണ് ഒരു വിശ്വാസിസമൂഹത്തെ സ്വയാധികാര സഭയാക്കാൻ ഉണ്ടാകേണ്ട നാലു സവിശേഷതകൾ.

**അപ്പസ്തോലിക പാരമ്പര്യം**

കേരളത്തിലെ സീറോ മലബാർ സഭയുടെ ഉത്ഭവം വി. തോമാസ് ശ്ലീഹയിൽ നിന്നാണ്. വി. തോമസ് കേരളത്തിൽ മുസിരിസ്സ് എന്ന തുറമുഖത്ത് കപ്പലിറങ്ങി, പാലയൂരിൽ വന്ന് അവിടെയുള്ള കുടുംബങ്ങളെ സത്യമാർഗ്ഗത്തിൽ ചേർത്തു. ഇതിനുശേഷം ഏഴരപള്ളികൾ സ്ഥാപിച്ചു എന്നാണ് സഭാചരിത്രം പറയുന്നത്.

എന്നാൽ തോമസ് ശ്ലീഹാ വന്നത് കേരളത്തിൽ അല്ലെന്നും, പ്രത്യുത വടക്കെ ഇന്ത്യയിലാണെന്നും വാദിക്കുന്ന ചരിത്രകാരന്മാരുണ്ട്, എന്നാൽ സഭാപിതാക്കന്മാരുടെ രചനകളും, സാഹചര്യതെളിവുകളും തോമാസ് ശ്ലീഹ കേരളത്തിൽ വന്നു എന്ന് തെളിയിക്കുന്നു.

തെക്കേ ഇന്ത്യയുടെ പടിഞ്ഞാറൻ കിഴക്കൻ തീരങ്ങളിൽ ക്രിസ്തുവിന് മുൻപ് ആയിരാമാണ്ടുമുതൽ ചെങ്കടലുമായി വ്യപാരം നടന്നിരുന്നതിന്റെ ആയിരക്കണക്കിന് തെളിവുകൾ ലഭ്യമാണ്. ക്രിസ്തുവിന് മുൻപ് രചിക്കപ്പെട്ട പെരിപ്ളൂസ് ഓഫ് എറിത്രിയൻ സീ (Periplus of Erithrean Sea) ക്രിസ്താബ്ദം 500 രചിക്കപ്പെട്ട ക്രിസ്ത്യൻ ടോപ്പാഗ്രാഫി (Christian Topography) എന്നീ ഗ്രന്ഥങ്ങളിൽ കേരളതീരത്തെ വ്യാപാരത്തെക്കുറിച്ചും, കേരളത്തിലെ സുറിയാനി ക്രൈസ്തവരുടെ സാന്നിധ്യത്തെക്കുറിച്ചും രേഖപ്പെടുത്തുന്നു. ഇന്ത്യയിലെ സംഘകാല കൃതികളും തെക്കേ ഇന്ത്യയും യൂറോപ്പും തമ്മിൽ ചെങ്കടൽ വഴി നടത്തിയിരുന്ന കച്ചവടത്തെ പ്രതിപാദിക്കുന്നു. കേരളവും യൂറോപ്പും തമ്മിലുള്ള വാണിജ്യബന്ധങ്ങളും, യഹൂദന്മാരുടെ അക്കാലത്തെ കേരളത്തിലെ സാന്നിധ്യവും തോമാശ്ലീഹായുടെ കേരളസന്ദർശനം സത്യമാണെന്ന് തെളിയിക്കുന്നു. കേരളവും യൂറോപ്പും തമ്മിലുള്ള വാണിജ്യ ബന്ധങ്ങളും യഹൂദന്മാരുടെ അക്കാലത്തെ കേരളത്തിലെ സാന്നിധ്യവും തോമാശ്ലീഹായുടെ കേരള സന്ദർശനം സത്യമാണെന്ന് തെളിയിക്കുന്നു.

**നമ്പൂതിരിമാർ അന്ന് ഉണ്ടായിരുന്നുവോ?**

തോമാസ്ശ്ലീഹായുടെ കേരളസന്ദർശനപാരമ്പര്യത്തെ വിമർശിക്കാൻ നമ്പൂതിരി എന്ന വാക്കാണ് ചിലർ ഉപയോഗിക്കുന്നത്. നമ്പൂതിരി എന്ന വാക്ക് രൂപം കൊള്ളുന്നത് ക്രിസ്താബ്ദം 800 ആണെന്നാണ് ഇക്കൂട്ടർ വാദിക്കുന്നത്.

എന്നാൽ ചരിത്രരചനയിലെ ചില പ്രമാദങ്ങൾ അറിയുന്നവർക്ക് ഈ വിമർശനം തെറ്റാണെന്ന് മനസ്സിലാകും. യൂറോപ്പിലെ പോലെ ചരിത്രം ലിഖിതരൂപത്തിലാക്കാൻ ഇന്ത്യയിൽ സംവിധാനങ്ങൾ ഉണ്ടായിരുന്നില്ല. അതിനാൽ വാമൊഴിയായിട്ടാണ് ചരിത്രം കൈമാറിയിരുന്നത്. കേരളത്തിലെ റമ്പാൻപാട്ട്, മാർഗ്ഗംകളിപ്പാട്ട് എന്നിവയിലൂടെയാണ് തോമാസ് ശ്ലീഹായുടെ ചരിത്രം കൈമാറിയിരുന്നത്. വാമൊഴിയായി ചരിത്രം കൈമാറുമ്പോൾ ഓരോ കാലഘട്ടത്തിലെയും വാക്കുകളും കഥകളും ഉപയോഗിക്കപ്പെടും.

ഉദാഹരണമായി വാൽമീകി രാമായണത്തിൽ എങ്ങിനെ ഇലിയഡ് എന്ന ഗ്രീക്ക് കൃതിയിലെ ഉദാഹരണം കടന്നുവന്നു എന്ന് പരിശോധിക്കുക. രാമായണം വാമൊഴിയായിട്ടാണ് കൈമാറിയിരുന്നത്. ചന്ദ്രഗുപ്തമൗര്യൻ ഇന്ത്യഭരിക്കുമ്പോൾ അനേകം ഗ്രീക്കുകാർ ഇന്ത്യയിലെ പല സ്ഥലങ്ങളിലും ഭരണം നടത്തിയിരുന്നു. ചന്ദ്രഗുപ്തമൗര്യന്റെ ഒരു ഭാര്യ ഗ്രീക്കുവനിതയായ ഹെലൻ ആയിരുന്നു. ഗ്രീക്കു സംസ്കാരവുമായുള്ള ഇഴുകിചേരൽ അവിടുത്തെ കഥകൾ ഇന്ത്യയിൽ പ്രചരിക്കാനും അത്തരം കഥകൾ ഇന്ത്യക്കാരുടെ വാമൊഴി പാരമ്പര്യങ്ങളുടെ ഭാഗമാകാനും സാധ്യത സൃഷ്ടിക്കുന്നു. ശ്രീരാമൻ ത്രയമ്പകം വില്ല് കുലച്ചുകൊണ്ടാണ് സീതയെ ഭാര്യയാക്കാൻ യോഗ്യത നേടുന്നത്. ഇതുപോലെ വില്ലുകുലച്ചുകൊണ്ടാണ് മെനിലാസ് രാജാവ് ഹെലനെവിവാഹം കഴിക്കാൻ യോഗ്യത നേടുന്നത്. ഈ സംഭവം ഇലിയഡിൽ നിന്ന് രാമായണത്തിലേക്ക് വന്നതാണോ രാമായണത്തിൽ

നിന്ന് ഇലിയഡ് എന്ന പുരാണത്തിലേക്ക് പോയതാണോ എന്ന് അറിയണമെങ്കിൽ കൂടുതൽ ഗവേഷണം ആവശ്യമാണ്.
ഇത്തരത്തിൽ ലോകമമ്പാടുമുള്ള വാമൊഴി പാരമ്പര്യങ്ങളിൽ വ്യത്യസ്ഥ കാലഘട്ടത്തിലെ വാക്കുകൾ വരികയും പോകുകയും ചെയ്യും. കേരളം തോമസ്ശ്ലീഹാ വരുന്ന കാലഘട്ടത്തിൽ തമിഴ്നാടിന്റെ ഭാഗമായിരുന്നു. ചേരന്മാർ, ചോളന്മാർ, പാണ്ഡ്യന്മാർ എന്നിവരാണ് തമിഴ്നാട് ഭരിച്ചിരുന്ന മൂന്ന് രാജവംശങ്ങൾ. ഇതിൽ തമിഴകത്തിന്റെ പടിഞ്ഞാറൻ ഭാഗമായിരുന്ന കേരളം ഭരിച്ചിരുന്നത് ചേരന്മാരായിരുന്നു. ഇവർക്ക് പൂജ നടത്തിയിരുന്ന പുരോഹിതന്മാരായിരുന്നു അന്തണന്മാർ. ഇന്ന് കേരളത്തിൽ അന്തണൻ എന്ന വാക്ക് നിലവിലില്ല. ക്രിസ്തബ്ദം 800 ആകുമ്പോഴേക്കും തമിഴിൽനിന്ന് വ്യത്യസ്തമായി മലയാളം രൂപം കൊള്ളാൻ ആരംഭിച്ചു. അങ്ങിനെപുരോഹിതന്മാരുടെ പേര് അന്തണൻ എന്നത് മാറി നമ്പൂതിരി എന്നായി. ഇതിന്റെ പുറകിൽ മറ്റ് രാഷ്ട്രീയ, സാംസ്കാരിക മാറ്റങ്ങളും ഉണ്ടായിരിക്കും.

ഇത്തരം സാഹചര്യത്തിൽ വാമൊഴിപ്പാട്ടുകളിലും അന്തണൻ മാറി നമ്പൂതിരിയാകും. അതുകൊണ്ട് നമ്പൂതിരി എന്ന വാക്ക് തോമാസ് ശ്ലീഹായുടെ ചരിത്രത്തിലുണ്ട് എന്ന കാരണത്താൽ തോമാചരിത്രം എ.ഡി. 800നുശേഷം രൂപം കൊണ്ടതാണെന്ന് വാദിക്കുന്നത് വിഡ്ഢിത്തമാണ്.

**തോമാസ്ശ്ലീഹായുടെ ലിറ്റർജി**

സീറോ മലബാർ ക്രൈസ്തവരുടെ ആരാധനക്രമ പാരമ്പര്യവും ലത്തീൻസഭയിൽനിന്നും വളരെ വ്യത്യസ്തമാണ്. ഈ വ്യത്യസ്തത നശിച്ചുപോകാൻ ഇടയാകരുതെന്നും ഇത് കത്തോലിക്കാസഭയെ കൂടുതൽ മൂല്യമുള്ളതാക്കുന്നുവെന്നും സഭാപിതാക്കന്മാർ തിരിച്ചറിഞ്ഞു. അതിനാലാണ് ഈ ആരാധനാക്രമം സംരക്ഷിച്ച് നിലനിർത്തണമെന് പരിശുദ്ധ കത്തോലിക്കാസഭ ശഠിക്കുന്നത്.

ഒന്നാമതായി തോമസ് ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനവുമായി നമ്മുടെ ആരാധനാക്രമത്തിന് ബന്ധമുണ്ട്. യേശുവിന്റെ ഉത്ഥാനത്തിന് സാക്ഷിയായാൽ മാത്രമാണ് ഞാൻ വിശ്വസിക്കുക എന്ന് തോമസ് പറഞ്ഞു. എന്നാൽ ഉത്ഥിതനെ കാണുന്നവർക്ക് വിശ്വാസം ഉണ്ടാകുന്നതല്ല, പ്രത്യുത വിശ്വാസം ഉള്ളവർക്കാണ് ഉത്ഥിതനെകാണാൻ കഴിയുക എന്ന് യേശു തോമസിനോട് മറുപടി പറഞ്ഞു.

വി. തോമസിന്റെ യേശുവുമായുള്ള ഈ സമാഗമമാണ് സീറോ-മലബാർ സഭാ വിശ്വാസിസമൂഹത്തിന്റെ ആത്മീയതയുടെ കേന്ദ്രവും ആരാധനാക്രമത്തിന്റെ പ്രചോദനവും. അതുകൊണ്ട് സീറോ-മലബാർ വിശ്വാസസമൂഹത്തെ "ഉത്ഥാനവെളിച്ചത്തിൽ ജീവിക്കുന്നവർ" എന്നാണ് പാശ്ചാത്യസഭാപിതാക്കന്മാർ വിശേഷിപ്പിച്ചിരുന്നത്. യേശുവിന്റെ എഴുപത്തിരണ്ട് ശിഷ്യന്മാരിൽ പെട്ടവരും, വി. തോമായെ അനുഗമിച്ചിരുന്നവരുമായ മാർ മാറി, മാർ അദ്ദായി എന്നീ ശിഷ്യന്മാർ രൂപപ്പെടുത്തിയ കുർബാന ക്രമമാണ് സീറോ മലബാർ സഭ ഉപയോഗിക്കുന്നത്.

ലത്തീൻസഭയുടെ ആരാധനാക്രമമനുസരിച്ച് വിശുദ്ധ കുർബാന അർപ്പിക്കുന്നത് ഊട്ട് മുറിയിലാണ്. അവരുടെ കുർബാന

പെസഹായുടെ ആചരണമാണ്. എന്നാൽ സീറോ മലബാർ സഭ വി. കുർബാനഅർപ്പിക്കുന്നത് കബറിടത്തിലാണ്. ഉത്ഥിതനായ കർത്താവിന്റെ ശൂന്യമായ കല്ലറയിലേക്ക് ഉറ്റുനോക്കിക്കൊണ്ട് "അവൻ സത്യമായും ഉയിർത്തെഴുന്നേറ്റു" എന്ന് പ്രഖ്യാപിക്കുന്ന ശിഷ്യഗണത്തിന്റെ തുടർച്ചയാണ് സീറോ മലബാർ സഭയുടെ ആരാധനാക്രമകേന്ദ്രം. വി. കുർബാനയുടെ അവസാനം നാം വിടവാങ്ങുന്ന പ്രാർത്ഥനശ്രദ്ധിച്ചാൽ ഇക്കാര്യം മനസ്സിലാകും. "വിശുദ്ധീകരണത്തിന്റെ ബലിപീഠമെ സ്വസ്തി, നമ്മുടെ കർത്താവിന്റെ കബറിടമെ സ്വസ്തി" എന്നതാണ് കാർമ്മികൻ ചൊല്ലുന്ന അവസാനപ്രാർത്ഥന.

ഇത്തരത്തിൽ അനേകം പ്രത്യകതകൾ നിറഞ്ഞതാണ് സീറോ-മലബാർ ആരാധനാക്രമം. സീറോ-മലബാർ സഭയിൽ ലത്തീൻ സഭയിലേതുപോലെ സ്ഥൈര്യലേപനം പ്രത്യേക ശുശ്രൂഷിയായി നടത്താറില്ല. പരിശുദ്ധാത്മാവ് യേശുവിന്റെ ശരീരം ഭക്ഷിക്കുന്നതിലൂടെയും, രക്തം പാനം ചെയ്യുന്നതിലൂടെയും ഓരോ വ്യക്തിയുടെ ഉള്ളിലേക്കും കടന്നുവരുന്നുവെന്ന് വി. സിപ്രിയാനും, വി. അപ്രേമും പഠിപ്പിക്കുന്നു. റൂഹാക്ഷണ പ്രാർത്ഥനയിലൂടെ പരിശുദ്ധാത്മാവിനോട് ആവസിക്കാൻ കാർമ്മികൻ പ്രാർത്ഥിക്കുന്നു. അതിനുശേഷമുള്ള കുർബാനസ്വീകരണത്തിന് മുൻപുള്ള കാറോസൂസയിൽ ശുശ്രൂഷി ഇപ്രകാരം പ്രഖ്യാപിക്കുന്നു. "വിശുദ്ധ കുർബാനസ്വീകരിക്കുകയും പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കപ്പെടുകയും ചെയ്യാം." അതുകൊണ്ട് വിശുദ്ധ കുർബാനസ്വീകരിക്കുന്നവർ യേശുവിന്റെ ശരീരം മാത്രമല്ല, യേശുവിന്റെ ശരീരത്തിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെകൂടി സ്വീകരിക്കുന്നുവെന്നാണ് പൗരസ്ത്യസഭകൾ പ്രത്യേകിച്ച് സീറോമലബാർ സഭ പ്രഘോഷിക്കുന്നത്. ഇക്കാരണത്താൽ മാമ്മോദീസായുടെ സമയത്ത് തന്നെ ഒരു ശിശു യേശുവിന്റെ ശരീരം സ്വീകരിക്കുകയും പരിശുദ്ധാത്മാവിനാൽ പൂരിതനാകുകയും ചെയ്യുന്നു. പരിശുദ്ധാത്മാവാണ് രക്ഷാകര രഹസ്യത്തെ മുഴുവനായും ഓർമ്മപ്പെടുത്തിതരുന്നത്.

യഥാർത്ഥത്തിൽ പരിശുദ്ധാത്മാവിന്റെ കാർമ്മികത്വത്തിൽ ലോകത്തിന്റെ ആരംഭം മുതൽ ഇന്നുവരെ പിതാവായ ദൈവം ക്രിസ്തുവിലൂടെ നൽകിയ രക്ഷാകര സംഭവങ്ങൾ യേശുവിന്റെ ശൂന്യമായ കല്ലറയുടെ പ്രതീകമായ ബലിപീഠത്തിലേക്ക് നോക്കിക്കൊണ്ട് ഓർമ്മിച്ച് നന്ദിപറയുന്നതാണ് സീറോമലബാർ സഭയുടെ ആരാധനാക്രമം. നമ്മുടെ ആരാധനാക്രമത്തിൽ ഒളിഞ്ഞിരിക്കുന്ന വിശ്വാസസത്യങ്ങൾ നശിച്ചുപോകാതിരിക്കാനാണ് സീറോ മലബാർ സഭയ്ക്ക് സ്വയാധികാരം നൽകിയിരിക്കുന്നതിന്റെ ഒരു കാരണം.

വി. തോമായുടെ പാരമ്പര്യത്തിലൂടെ നമ്മുടെ പിതാമഹന്മാർ വളർത്തിയെടുത്ത ആത്മീയതയും ആരാധനാക്രമവും പുനരുദ്ധരിച്ച് പരിഷ്ക്കരിച്ച് അടുത്ത തലമുറയ്ക്ക് കൈമാറാൻ സർവ്വശക്തൻ നമ്മെ ശക്തിപ്പെടുത്തട്ടെ. ഇതിനായി പ്രവർത്തിക്കുന്ന എല്ലാ വൈദീകരെയും സീറോമലബാർ ഹൈറാർക്കിയേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. യേശു സത്യമായും ഉയിർത്തെഴുന്നേറ്റു എന്ന രഹസ്യം വി. തോമാസിനെപ്പോലെ പ്രഘോഷിക്കുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.

# പുനഃസമാഗമം

കവിത



ലൗലി ഫ്രാൻസിസ്
സെന്റ് ജോൺ പോൾ II
കുടുംബകൂട്ടായ്മ

ബാല്യകൗമാരങ്ങൾ തൻ ഓർമ്മ കാൻവാസിൽ
വർണ്ണങ്ങൾ മങ്ങാത്തൊരു വരപടമിന്നച്ഛൻ!
ഇന്നെന്നുമെൻ വാർദ്ധക്യവാസരങ്ങൾക്കൊപ്പം
കൂടുവാനെന്തേ, കടന്നുപോയൊരാ ശൈശവബാല്യങ്ങൾ
അവിടെയുണ്ടമ്മയാം ആകാശവിശാലത,
ആഴിയാം അപാരത, ഭൂമിയാം വിധേയത്വം!
കരുതലിൻ ആയിരം കൈകളായ് അച്ഛൻ,
ആ നെഞ്ചിൽ ചവുട്ടിയെൻ ശൈശവം ഏറെ
ചിരിയുടെ കുടമുല്ല പൂക്കളുതിർത്തിരിക്കാം,
കൊമ്പൻ മീശപിഴുതുവൊ, പുണ്യാഹം തെളിച്ചുവൊ
കപടപരിഭവമോടമ്മപറഞ്ഞുവൊ, അറിയില്ല,
"നോക്കൂ, സ്നേഹമേറെയെന്നുമിവൾക്ക് അങ്ങ്..."
അന്തിച്ചുവപ്പ് പോയി, വാനിൽ കുമിയും
കാർമേഘങ്ങളിൽ കണ്ണ് പായിച്ചും,
മേദസറ്റമേനിയെ ഊന്നുവടിയാൽതാങ്ങിയും
മുനിഞ്ഞ് കത്തും റാന്തലിൻ തിരി കയറ്റിയുമിറക്കിയും ഒരുനാൾ
പെരുവഴിയിലെൻ വിനോദയാത്രാസംഘത്തിൻ
വരവുകാത്തുദ്വേഗമായ് മാറിയൊരച്ഛൻ!
കാലം മാറി, രംഗങ്ങളും, കൂടെ മുന്നേറി ഞാനും!
വരണമാല്യത്തിൻ കാന്തികെടും മുമ്പൊരുനാൾ
ആ കൈകുടന്നയിൽ നിറയെ കണ്ണീർതൂവി,
ആഷാഢമേഘങ്ങളിലുയർന്നും താഴ്ന്നുമൊരുയാത്ര
തീരംതൊടും മുൻപെത്തുന്നൊരു ലിഖിതം
"ഊർദ്ധ്വൻ വലിയ്ക്കുന്നച്ഛൻ ഉടൻ വന്നാൽ
കാണാം ഒരു നോക്ക്, കാക്കുന്നു മറുവാക്ക്..."
കടമകൾതൻ ചക്രവാതച്ചുഴിയിൽ ജീവിതം
തലങ്ങും വിലങ്ങുമായ് ഏൽക്കുന്നു പ്രഹരങ്ങൾ!!
ഉള്ളിൽ ജ്വലിക്കും സ്നേഹത്തിനക്ഷരപ്പൂട്ടുകൾ വീഴ്കെ,
സാന്ദ്രസ്നേഹം നിശബ്ദം മയങ്ങും മണ്ണിൽ നിന്നൊരു
നുള്ളെൻ ചുണ്ടോട് ചേർത്തുവിതുമ്പിഞാൻ
"വ്യർത്ഥമീ ജീവിതമെന്നല്ലാതെന്തോതാൻ?
കാണാമിനിയും ഒരുനാൾ പരസ്പരം കാണാം."
അറ്റമില്ലാത്തൊരാസുകൃതത്തിൻ നാട്ടിൽ കാണാം
കാത്തിരിയ്ക്കുന്നു ഞാനാനെറ്റിയിൽ മുട്ടുകൾ തന്ന്
നെഞ്ചിൽ, നിരന്തരം ചുവടുകൾ പിഴയ്ക്കും കുഞ്ഞായ്
വീഴാതെ കാക്കുമാ കരവലയത്തിൻ കരുതലറിയുവാൻ
കൊമ്പൻ മീശവലിച്ചാമുഖത്ത് മഴവിൽ ദ്യുതി-
യുണർത്താൻ, അമ്മതൻ വ്യാജപരിഭവം കേട്ടിടാൻ
കാണാമിനി, ഒരുനാൾ പരസ്പരം കാണാം.



# KCYM വാർത്തകൾ



